പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4574 17.12.2014 ലെ മറുപടിയ്ക്ക്

## സീ-പ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സീ-പ്ലെയിൻ പദ്ധതി പ്രകാരം എത്ര പ്ലെയിനുകളാണ് കേരളത്തിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നത്; ആയത് ഏതൊക്കെ സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | നിലവിൽ സീ-പ്ലെയിൻ പദ്ധതി പ്രകാരം കേരളത്തിൽ ജലവിമാനങ്ങൾ ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. |
| ബി) | പദ്ധതിയുടെ ഉദ്ഘാടനം എവിടെവെച്ചാണ് സംഘടിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | ബി) | പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ടൂറിസം വകുപ്പാണ് ഒരുക്കിയിരിക്കുന്നത്. 'ഓപ്പൺ സ്കൈ' പോളിസിയുടെ ഭാഗമായി കൈരളി ഏവിയേഷൻ ലിമിറ്റഡിന്റെ സെസ്ന 206 എ വിഭാഗത്തിൽപ്പെട്ട സീപ്ലെയിൻ ആണ് തദവസരത്തിൽ സർവ്വീസിനായി എത്തിയത്. |
| സി) | പദ്ധതിക്കായി സീ-പ്ലെയിൻ വാങ്ങിയത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; ഏത് കമ്പനിയിൽ നിന്ന് എത്ര തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്? | സി) | പദ്ധതിക്കായി സീപ്ലെയിനുകൾ വാങ്ങിയിട്ടില്ല. സർക്കാരിനു വേണ്ടി പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.ടി.ഐ.എൽ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് ഒരുക്കുന്നത്. DGCA ന്റെ അനുമതികളുള്ള ഏത് ഓപ്പറേറ്റർമാർക്കും 'ഓപ്പൺ സ്കൈ' പോളിസിയുടെ അടിസ്ഥാനത്തിൽ സർവ്വീസ് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ